VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് പരിഗണന

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

VIII. ക്രമപ്രശ്നം

ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച സംബന്ധിച്ച്

ശ്രീ. ടി.എം. ജേക്കബ് : സർ, റിപ്പോർട്ട് അവതരിപ്പിച്ചിരിക്കുകയാണ്. പരിഗണിക്കുന്നതിനുമുമ്പ് ഒരു കാര്യം പറയാനുണ്ട്. സമിതി ചെയർമാൻ എന്നുള്ള നിലയിലാണ് ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് റിപ്പോർട്ടു അവതരിപ്പിച്ചിരിക്കുന്നത്. ഇന്നത്തെ ഈ അജണ്ടയിൽ 6(2), 6(3) അങ്ങനെ രണ്ടായി വന്നിട്ടുണ്ട്. അതിൽ മൂന്നിനെ സംബന്ധിച്ചാണ് എനിക്കു പറയാനുള്ളത്. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച. അതിൽ മൂന്നു ബില്ലുകളുണ്ട് നമ്മുടെ നിയമസഭയിൽ ഇപ്പോൾ പ്രൈവറ്റ് മെമ്പേഴ്സ് ബില്ലുകൾ ധാരാളം വരുന്നുണ്ട്. ഇവിടത്തെ രീതിവച്ച് ഒരു ബില്ലിൻമേലും ഒരു തീരുമാനവും ഉണ്ടാകാതെ പോയിക്കൊണ്ടിരിക്കുകയാണ്. നടന്നുപോകുന്ന ആട് ഇല കടിച്ചുപോകുന്നതുപോലെയാണ് നമ്മുടെ പ്രൈവറ്റ് മെമ്പേഴ്സ് ബിൽസിന്റെ ഇപ്പോഴത്തെ സ്ഥിതി. ചട്ടം 71 അനുസരിച്ച് Motion for leave to introduce Bill to oppose. അതാണ് ഇവിടെ സാധാരണ നടക്കുന്നത്. If motion for leave to introduce a Bill is opposed, the Speaker after permitting, if he thinks fit, a brief explanatory statement from the member who moves and from the member who opposes the motion, may without further debate, put the question. എന്നാണ് പറയുന്നത്. ഇതിന് സമയപരിമിതികൾ ഏറെയുണ്ട്. നേരത്തെയുണ്ടായിരുന്ന ഒരു കൺവെൻഷൻ എന്നുപറയുന്നത്, ബില്ലുകൾ കുറവായിരുന്നു. അതുകൊണ്ട് ചർച്ചകൾ നീണ്ടുപോയി. ഞാൻ തന്നെ എത്രയോ സെക്ഷനുമുൻപ് ഒരു ബിൽ അവതരിപ്പിച്ചു. അത് എവിടെയാണെന്ന് എനിക്ക് ഒരു നിശ്ചയവും ഇല്ല. എന്നെപ്പോലുള്ള പല മെമ്പേഴ്സും അവതരിപ്പിച്ച ബില്ലുകളും ഒരു ദിവസം എടുത്തു. പിന്നെ അത് അങ്ങനെയിട്ടിരിക്കുകയാണ്. അതിന് ഒരു അവസാനവും ഇല്ല. അതുകൊണ്ട് പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിന്റെ എണ്ണം കൂടിവരുന്ന ഈ സാഹചര്യത്തിൽ, ബില്ലുകളെ സംബന്ധിച്ചിടത്തോളം എടുക്കുന്ന ബില്ലുകൾ ഒപ്പോസ് ചെയ്യുകയാണെങ്കിൽ അതിനെ സംബന്ധിച്ചുള്ള തീരുമാനം അതാതു ദിവസങ്ങളിൽ തന്നെ എടുത്താൽ അതിന് ഒരു അവസാനം ഉണ്ടാകും. അല്ലെങ്കിൽ ഇത് ഇങ്ങനെ അക്യുമിലേറ്റ് ചെയ്ത് വലിയ നമ്പറായിട്ട് മാറും. ആ ഒരു പ്രവണത നമ്മുടെ സഭയിൽ നിലനിൽക്കുന്നതുകൊണ്ട് അങ്ങളുടെ ഒരു റൂളിംഗ് ഈ കാര്യത്തിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പ്രൈവറ്റ് മെമ്പേഴ്സ് ഡേ എന്ന നിലയിൽ ഇന്ന് വെള്ളിയാഴ്ചയാണ്. ആൾട്ടർനേറ്റീവ് ഡേയ്സിലാണ് ബില്ലുകൾ വരുന്നത്. ഒരു ദിവസം റെസൊല്യൂഷൻ പിന്നെ ബിൽ. ഇവിടെ ഉന്നയിക്കപ്പെട്ട കാര്യം തന്നെ നാം പലപ്പോഴും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട് എന്നാണ് എനിക്ക് ആദ്യമായിട്ട് പറയാനുള്ളത്. ഒരു പ്രധാനപ്പെട്ട കാര്യം, തുടർന്നുവരുന്ന ഒരു ചട്ടം ഉണ്ട്. തുടർന്നുവരുന്ന ഒരു രീതിയുണ്ട്. അതനുസരിച്ചാണ് കാര്യങ്ങൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. പക്ഷെ ഒട്ടേറെ പരിമിതികൾ ഈ കാര്യത്തിലും ഉണ്ട്. പരിമിതികൾ എന്നുപറയുമ്പോൾ, അതിന്റെ രീതിയിൽ മാറ്റം വരുത്തണമെന്നല്ലല്ലോ അങ്ങ് ഉദ്ദേശിച്ചത്. തീരുമാനങ്ങൾ എടുക്കണം.

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട ടി.എം. ജേക്കബ് വളരെ പ്രസക്തമായ ഒരു കാര്യമാണ് പറഞ്ഞത്. അങ്ങ് പറഞ്ഞു ആൾട്ടർനേറ്റീവ് ഡേയ്സിൽ ഒരിക്കൽ പ്രമേയം പിന്നെ ബിൽ എന്ന്. ശരിയാണ്. ഇവിടേയും ബിസിനസ്സ് തീർക്കുന്നതിനുവേണ്ടി പ്രൈവറ്റ് മെമ്പേഴ്സ് ഡേ തന്നെ നമ്മൾ ക്യാൻസൽ ചെയ്യാറുണ്ട്. അങ്ങ് റൂളിംഗ് നൽകുന്നതിനുമുൻപ് അതിനെക്കുറിച്ചുകൂടി നമുക്ക് ഒരു ധാരണ വേണം. നമ്മൾ പലപ്പോഴും ഈ സഭയിൽ ആ ഡേ തന്നെ ക്യാൻസൽ ചെയ്തിട്ടുണ്ട്. അതുവഴി മെമ്പർമാരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുകയാണ്. അതിനെക്കുറിച്ചുകൂടി അങ്ങ് പറയണം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, 1987-ലാണ് ഞാൻ ആദ്യമായി സഭയിൽ വന്നത്. അന്ന് ഞാൻ അവതരിപ്പിച്ച രണ്ടുമൂന്നു ബില്ലുകൾ 1987-ലെ സഭ കാലഹരണപ്പെട്ടതോടുകൂടി കാലഹരണപ്പെടുകയാണ് ചെയ്തത്. അതിൽ കാരായ്മക്കാർക്കുള്ള സൗകര്യാവകാശങ്ങൾ കൊടുക്കുന്ന ഒരു ബിൽ മാത്രം അന്ന് ഗവൺമെന്റ് കൊണ്ടുവന്നു. പിന്നെ ഞാൻ 1991-ൽ സഭയിൽ വന്ന സമയത്ത് അവതരിപ്പിച്ച ബില്ലുകൾ ഒന്നും പ്രാവർത്തികമായില്ല. കാരായ്മക്കാർക്കുള്ള സൗകര്യാവകാശങ്ങൾ കൊടുത്തതിൽ തന്നെ ചില ഭേദഗതി ആവശ്യമുണ്ട്. അതിൽ ഒരു നടപടിയും വന്നില്ല. പിന്നെ ഈ സഭയിൽ കാരായ്മയെ സംബന്ധിച്ച ബില്ലിൽ റവന്യൂ വകുപ്പു മന്ത്രി ഫലപ്രദമായ ഒരു സമീപനം സ്വീകരിച്ചു. കൊടുത്തിട്ടുള്ള മറ്റെല്ലാ ബില്ലുകളും കാലഹരണപ്പെടുകയാണുചെയ്തത്. ഇതൊരു പ്രഹസനമായി മാറുകയാണ്. പ്രൈവറ്റ് ബില്ലുകളെ സംബന്ധിച്ച്, അതൊരു പ്രഹസനമാക്കി മാറ്റുന്ന ഈ നടപടിയെ സംബന്ധിച്ച് ആലോചിച്ച്, ഗവൺമെന്റിന്റെ നിയമനിർമ്മാണത്തിന് സഹായകരമാകുകയാണെങ്കിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ തീരുമാനം എടുപ്പിക്കണം. അതല്ലെങ്കിൽ പ്രഹസനമാക്കുന്ന ബില്ലുകൾ സഭയിൽ അവതരിപ്പിക്കാതെതന്നെ എന്തെങ്കിലും ചെയ്യത്തക്ക നടപടിയുണ്ടാക്കണം.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഇവിടെ പരിഗണിക്കപ്പെടാതെ പോകുന്നുവെന്ന് ശ്രീ. ടി.എം. ജേക്കബ് ചൂണ്ടിക്കാണിച്ചത് ഒരുപരിധിവരെ ശരിയാണെങ്കിലും ചിലതിൽ ഗവൺമെന്റ് നൽകുന്ന അഷ്വറൻസിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഉദാ: ശ്രീ. മുരളി അവതരിപ്പിച്ച അലക്ക്, ബാർബർ തൊഴിലാളികളുടെ ക്ഷേമനിധി സംബന്ധിച്ച ബില്ലുകൾ. അതുകൊണ്ട് ഇവിടെ അഷ്വറൻസ് കിട്ടിയാൽ, ചിലത് ഗവൺമെന്റ് ഔദ്യോഗികമായിട്ട് കൊണ്ടുവരാം എന്നുപറഞ്ഞുകഴിഞ്ഞാൽ ഒരു നിശ്ചിത സമയത്തിനുള്ളിൽ കൊണ്ടുവരണം. ഞാൻ ഇവിടെ അവതരിപ്പിച്ച പീടിക തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നതിനെ സംബന്ധിച്ച ബിൽ 1996-ൽ അവതരിപ്പിച്ചതാണ്. അന്ന് ബഹുമാനപ്പെട്ട ബേബി ജോൺ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത്, അങ്ങനെ ഒരു ക്ഷേമനിധിയുടെ ആവശ്യമില്ല എന്നാണ്. പിന്നീട് അദ്ദേഹത്തെ അത് പറഞ്ഞു ബോധ്യപ്പെടുത്തിയപ്പോൾ ബോധ്യപ്പെട്ടു. ഗവൺമെന്റ് തന്നെ നയപ്രഖ്യാപനത്തിലും ബഡ്ജറ്റ് പ്രസംഗത്തിലുമൊക്കെ പീടികത്തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്താം എന്നുപറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഒരു സമയം നിശ്ചയിക്കണം. ഇങ്ങനെ മുന്നുനാലു കൊല്ലം നീണ്ടു പോകരുത്. ബഹുമാനപ്പെട്ട സ്പീക്കർ തന്നെ അതിൽ മുൻകൈയെടുത്താൽ, ചില കാര്യങ്ങളിൽ, പ്രത്യേകിച്ച്, ഇതുപോലെ ക്ഷേമനിധികളുമായി ബന്ധപ്പെട്ടു വരുന്ന ചില ബില്ലുകൾ ഇവിടെ നിയമനിർമ്മാണം നടത്താൻ കഴിയും. സ്പീക്കറുടെ ഭാഗത്തുനിന്നുകൂടി ഒരു ഇനിഷ്യേറ്റീവ് ഉണ്ടാകണം.

മി. സ്പീക്കർ : ഈ കാര്യങ്ങൾ രണ്ടായിട്ട് എടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഒന്ന്, സഭയിൽ ഉൾപ്പെടുത്തിവരുന്ന, ഇപ്പോൾ റിപ്പോർട്ടായിട്ട് അവതരിപ്പിച്ച് അംഗീകരിച്ചു വരുന്ന ബിസിനസ്, അതുതന്നെ വളരെ നേരത്തെ കിട്ടിവരുന്നതാണ്. അതുപോലും ഈ വെള്ളിയാഴ്ചകളിൽ നമുക്ക് പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് വസ്തുത. രണ്ടാമത്തേത്, കഴിഞ്ഞ സഭകളേക്കാൾ സ്വകാര്യബില്ലുകളുടെ എണ്ണം വളരെ വളരെ കൂടുതലാണ്. കൂടിക്കൊണ്ടേയിരിക്കുന്നു. ഇങ്ങനെ കൂടിയാൽ എന്താകും എന്നുള്ളതും നാം ആലോചിക്കേണ്ടതാണ്. അത് എങ്ങനെ നമുക്ക് പരമാവധി കവർ ചെയ്യാൻ കഴിയും എന്നുള്ളതും ഉണ്ട്. ഈ രണ്ടു വിഷയവും ഞാൻ പറയാം. ഒന്നാമത്തെ കാര്യം, സഭയിൽ ലിസ്റ്റിൽപ്പെട്ടുവരുന്ന ബിസിനസ്സുകൾ ... കഴിഞ്ഞ ദിവസങ്ങളിലെ അനുഭവം വച്ചുകൊണ്ടു പറഞ്ഞാൽ ആദ്യം ഇൻട്രൊഡ്യൂസ് ചെയ്തിരുന്ന കാര്യം, അത് നമുക്ക് ബുദ്ധിമുട്ടില്ല. സെക്കന്റാണല്ലോ അങ്ങ് പറഞ്ഞത്. സെക്കന്റ് മുന്നെണ്ണമാണ് നറുക്കിൽപ്പെടുന്നത്. ആ മുന്നെണ്ണത്തിനും 30 മിനിട്ടു വീതമാണ് വയ്ക്കുക. വെള്ളിയാഴ്ചകളുടെ അവസ്ഥ എന്താണ്? ഇപ്പോൾ തന്നെ സമയം 11.10 ആയി. 12.30-ന് തീർക്കണ്ടേ? 45 മിനിറ്റാണ്. 45 മിനിറ്റ് എന്നുപറയുന്നത് 10 മണി മുതൽ 12.30 മണി വരെവച്ചിട്ടാണ്. അവതരണവും തുടർചർച്ചയും നടക്കുന്നത്. ഇപ്പോൾത്തന്നെ ഇത്രയും സമയം അപഹരിക്കപ്പെട്ടിരിക്കുകയാണ്. അതൊരു യാഥാർത്ഥ്യമാണ്. വെള്ളിയാഴ്ചകളിൽ മറ്റൊരു മാർഗ്ഗവുമില്ല. പക്ഷെ സബ്മിഷൻ മെമ്പർമാരുടെ പ്രധാനപ്പെട്ട ഐറ്റമാണ്. പ്രൈവറ്റ് മെമ്പേഴ്സ് ബിസിനസ് നിങ്ങൾ തീരുമാനിക്കുന്നതു മാത്രമല്ല. ഇതും പ്രൈവറ്റ് മെമ്പേഴ്സ് ബിസിനസ്സാണ്. അതുകൊണ്ട് വെള്ളിയാഴ്ചകളിൽ ഉള്ള സമയം വച്ചുകൊണ്ട് നമുക്ക് ചെയ്യാൻ കഴിയുന്നത് പരമാവധി നമ്മൾ സഹകരിച്ചാൽ മുന്നെണ്ണം കവർ ചെയ്യാൻ കഴിയില്ല, എങ്കിലും രണ്ടു ബില്ലുകൾ എങ്കിലും നമുക്ക് കവർ ചെയ്യാൻ കഴിയും. അത് പരമാവധി നാം സഹകരിക്കുന്നതുപോലെയിരിക്കും. അത് അതിനെ ആശ്രയിച്ചിരിക്കുന്ന ഒരു കാര്യമാണ്. പക്ഷെ അതു പോരാ. ഇതിന് ഒരു പരിഹാരം എന്ന നിലയിൽ ഒരു ചർച്ച ആരംഭിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ഇത്രയധികം സബ്മിഷനുകൾ കൊടുത്താൽ തീരുകയില്ല.

മി. സ്പീക്കർ : സബ്മിഷൻ അംഗങ്ങൾക്കുള്ളതാണ്.

ശ്രീ. ഇ.കെ. നായനാർ : ഇന്ന് 15 സബ്മിഷനുകളുണ്ട്.

മി. സ്പീക്കർ : അത് കറക്ട്.

ശ്രീ. ഇ.കെ. നായനാർ : സാധാരണ 15 ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇന്ന് വെള്ളിയാഴ്ചയായതുകൊണ്ട് വച്ചതാണ്.

ശ്രീ. ഇ.കെ. നായനാർ : 6 വള്ളിയാഴ്ച അവതരിപ്പിച്ചാൽ അതിനെപ്പറ്റി ഒരു റീതിങ്കിംങ് വേണ്ടി വരുമെന്നാണ് ഞാൻ പറയുന്നത്. മറ്റൊന്ന് രണ്ട് ഇഷ്യൂസാണ് പ്രമേയവും ബില്ലുകളും. ഒരാഴ്ച പ്രമേയം വരും, ഒരാഴ്ച ബില്ലു വരും. ഉദാഹരണം, കഴിഞ്ഞതിന്റെ മുൻപിലത്തെ ആഴ്ചയിലെ ബില്ലിൽ രണ്ടു വാക്ക് ബാക്കിയുണ്ട്. രണ്ടുവാക്കേയുള്ളു. ആ ബാക്കി ഇന്നില്ല. ആ ബിൽ പോയി. ഇപ്പോൾ നമ്മളവതരിപ്പിച്ച ഒരു ബില്ലുണ്ട്, കാറ്റിൽ നിന്നും വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച്. അത് പ്രസംഗം കഴിയുമ്പോൾ സമയം കഴിയും. ഒന്നുകിൽ അനുവദിക്കുക, അല്ലെങ്കിൽ ഇന്ന് കൊണ്ടുവരിക. അല്ലാതെ എൻഡ്ലസ്സായിട്ട് പോയിരിക്കുകയാണ്. ഇന്ന് വരുമോയെന്ന് എനിക്കറിയില്ല. വന്നാൽ ഞാൻ റെഡിയാണ്. അതുപോലെ പല ബില്ലുകളും വന്നു. അതിന്റെ മുക്കാൽഭാഗം കഴിഞ്ഞ് കാൽഭാഗം ബാക്കിപോകുന്നു. അത് പൂർത്തിയാക്കണം. പ്രമേയത്തിന്റേത് ഗവൺമെന്റിന്റെ ഭാഗത്ത് സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാം. സ്വീകരിക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട ചില മെമ്പർമാർ പറഞ്ഞതുപോലെ നടപടിയെടുക്കുന്ന കാര്യമെടുക്കണം. സ്വീകരിക്കാതിരുന്നാൽ തള്ളി. ആ തരത്തിൽ കൊണ്ടുപോകാൻ കഴിയും. ഇന്ന് 15 സബ്മിഷനുകളുണ്ട്.

മി. സ്പീക്കർ : മുഖ്യമന്ത്രി പറഞ്ഞത് രണ്ടുകാര്യങ്ങൾക്കും ബാധകമാണ്. ബില്ലുകളുടെ കാര്യം പരിഹരിച്ചാൽത്തന്നെ പ്രമേയങ്ങളുടെ കാര്യവും പരിഹരിക്കപ്പെടും.

ശ്രീ. ജി. കാർത്തികേയൻ : സർ, അങ്ങ് പറഞ്ഞത്, ഈ സഭ കൂടുന്നതിനുമുൻപ് ഗവൺമെന്റിന് ഒരു ധാരണയുണ്ടാകണം. ഗവൺമെന്റ് ബിസിനസ് തീർക്കുന്നത് ഞങ്ങൾകൂടി സഹകരിച്ചാണ്. ചില വെള്ളിയാഴ്ചകൾ അത് ക്യാൻസൽ ചെയ്തിട്ട് ആണ് ഗവൺമെന്റ് ബിസിനസ് വരുന്നത്. അതുവഴി അവകാശങ്ങൾ നിഷേധിക്കപ്പെടും. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതിന്മേൽ നടപടിയുണ്ടാകണം.

IX. റൂളിംഗ്

മി. സ്പീക്കർ : ഒരു കാരണവശാലും വെള്ളിയാഴ്ചകളിൽ ഗവൺമെന്റ് ബിസിനസ് എടുക്കരുതെന്ന് നമ്മൾ തീരുമാനിച്ചാൽ മതി. അതിൽ ബുദ്ധിമുട്ടൊന്നുമില്ല. ഇത്തവണ എടുത്തില്ല. കഴിഞ്ഞതവണ എടുക്കേണ്ടിവന്നു. ഇത്തവണ എടുത്തില്ല. അതു നമ്മൾ തുടർന്നും നടപ്പാക്കണം. മുഖ്യമന്ത്രി പറഞ്ഞ കാര്യം പരിഗണിച്ചുകൊണ്ടുതന്നെ 10 മണി മുതൽ 12.30 മണി വരെയെന്നുള്ള സമയമാണല്ലോ വച്ചിരിക്കുന്നത്. അതെങ്ങനെ നമുക്ക് ഉപയോഗിക്കാൻ കഴിയും? പരമാവധി ഇപ്പോൾ സബ്മിഷന്റെ കാര്യവും വേണമെങ്കിൽ ചുരുക്കാം. എങ്ങനെ പരമാവധി നമുക്ക് ലിസ്റ്റിൽപ്പെട്ട ബിസിനസ്സുകൾ എടുക്കാൻ കഴിയും എന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാം. രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യമായി എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് ഞങ്ങൾ ഈയിടയ്ക്ക് റൂൾസ് കമ്മിറ്റി കൂടിയപ്പോൾ അവിടെ വന്ന ഒരുകാര്യമാണ്. ഒന്നുരണ്ടുതവണ ഞങ്ങൾ കൂടി. അതിന്റെ ചർച്ച തുടങ്ങിയതേയുള്ളു. അതുകൊണ്ടാണ് ഇവിടെ അറിയിക്കാതിരുന്നത്. വെള്ളിയാഴ്ചകൾ പ്രൈവറ്റ് മെമ്പേഴ്സ് ഡേ എന്ന നിലയിൽ ആണ് ഇപ്പോൾ വച്ചിരിക്കുന്നത്. വെള്ളിയാഴ്ച എന്നതുമാറ്റി മറ്റൊരു ദിവസം, അതായത് വെള്ളിയാഴ്ചയല്ലാത്ത മറ്റൊരു ദിവസം (മറ്റു നാലു ദിവസങ്ങളുണ്ടല്ലോ) പ്രൈവറ്റ് മെമ്പേഴ്സ് ഡേയാക്കുക. വെള്ളിയാഴ്ച മറ്റു ബിസിനസ്സുകൾ വയ്ക്കുക. ആ രൂപത്തിൽ ഒരു മാറ്റം വരുത്തിയാൽ